## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192* — 7.2.2019 -ൽ മറുപടിയ്ക്ക്

# ടൂറിസം റെഗുലേറ്ററി അതോറിറ്റി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ : | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) | ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നവർക്ക് പിഴ ഏർപ്പെടുത്തുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം പരിശോധിക്കുവാനും നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നവർക്ക് പിഴ ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; | | |
| സി) | ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിന് ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | സി) | ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപികരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടൂറിസം മേഖലയിൽ അനഭിലക്ഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക. |

| | | | |
|---|---|---|---|
| | | | 2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.<br>3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുക.<br>4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ ജുഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക<br>5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.<br>6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴ നിശ്ചയിക്കുക.<br>7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക |

✓

(signature)

സെക്ഷൻ ഓഫീസർ